കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ല - പടിയൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എം.പി. സന്തോഷ് കുമാറിനെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

## തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1638/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 16.06.2018.

================================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 27.07.2015-ലെ ഇ 8(കൃവി16/14/ടിഎസ്ആർ)6325/2014 നമ്പർ കത്ത്

2. സർക്കാരിന്റെ 07.06.2016-ലെ 468/ഇപിബി3/2015 തസ്വഭവ നമ്പർ കുറ്റപത്രം
3. ശ്രീ. എം.പി. സന്തോഷ് കുമാർ സമർപ്പിച്ച 23.07.2016-ലെ പ്രതിവാദ പത്രിക
4. പഞ്ചായത്ത് ഡയറക്ടറുടെ 28.11.2017-ലെ ഡി7-19266/2016 നമ്പർ കത്ത്

## ഉത്തരവ്

പടിയൂർ ഗ്രാമപഞ്ചായത്തിനു കീഴിൽ 2011-12 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെയും, വിവിധ അംഗനവാടികളുടെ അറ്റകുറ്റപ്പണിയും ഏറ്റെടുത്ത് പൂർത്തിയാക്കിയ കരാറുകാരന് പ്രവൃത്തികളുമായി ബന്ധപ്പെട്ട തുക മാറി നൽകുന്നതിനായി സെക്രട്ടറി കരാറുകാരനിൽ നിന്നും കൈക്കൂലി ആവശ്യപ്പെടുകയും തുക മനഃപൂർവ്വം മാറി നൽകാതെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തു എന്ന ആരോപണം സംബന്ധിച്ച് ബഹു. തൃശ്ശൂർ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പടിയൂർ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. കരാറുകാരൻ സമർപ്പിച്ച ബില്ലിനോടൊപ്പം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് കൂടി ഉൾപ്പെടുത്തിയില്ല എന്ന കാരണത്താൽ ആയത് നിരസിക്കുകയുണ്ടായി. എന്നാൽ പ്രവൃത്തി ബില്ലിനോടൊപ്പം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കാത്തതു സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്ന ചീഫ് എഞ്ചിനീയറോട് വിവരം ആരായുകയോ, പദ്ധതി നടത്തിപ്പിന്റെ ഓഫീസർ എന്ന നിലയിൽ സെക്രട്ടറി പദ്ധതി സ്ഥലം സന്ദർശിക്കുകയോ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ന്യൂനതകൾ പരിശോധിക്കുകയോ ചെയ്തിട്ടില്ല. ഇത്തരത്തിൽ ബില്ലിന്മേൽ അവാസ്തവമായ റിമാർക്സ് രേഖപ്പെടുത്തി ബിൽ നിരസിച്ചതുവഴി ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തു എന്ന് കണ്ടെത്തുകയുണ്ടായി.

ടി ക്രമക്കേടിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി ശ്രീ. സന്തോഷ് കുമാറിന് പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ടിയാൻ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിൽ, ശ്രീ. സന്തോഷ് കുമാറിന് കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നല്കിയതിനാൽ അച്ചടക്ക നടപടി തീർപ്പാക്കുന്നതിനു മുമ്പായി ടിയാനെതിരെ ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ടെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം പടിയൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സന്തോഷ് കുമാറിനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 30 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. മെമോ ഓഫ് ചാർജസ് പ്രതിവാദ പത്രിക എന്നിവയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സുകുമാരൻ എൻ.**
**ഡെപ്യൂട്ടി സെക്രട്ടറി**

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
2. ശ്രീ. എം.പി. സന്തോഷ് കുമാർ, മുൻ സെക്രട്ടറി, പടിയൂർ ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. പ്രസിഡന്റ്/സെക്രട്ടറി, പടിയൂർ ഗ്രാമപഞ്ചായത്ത്
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/468/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ